അരുവിക്കര ഡാമിൽ നിന്നുള്ള മണൽ വാരൽ

139 (6057) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുവിക്കര ഡാമിൽ നിന്നും മണൽ വാരുന്നതിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര ദിവസം വീതം തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞു ;

(ബി) ഇവർക്ക് കൂലിയിനത്തിൽ എന്ത് തുക ലഭ്യമാക്കി ;

(സി) ഇവിടെ തൊഴിൽ ഉപകരണങ്ങൾ വാങ്ങിയതിന് എന്ത് തുക ചെലവായി ; ഏതൊക്കെ കമ്പനികളുടെ എന്തൊക്കെ ഉപകരണങ്ങളാണ് വാങ്ങിയത് ; ഓരോ കമ്പനിയിൽ നിന്നും എന്ത് തുകയ്ക്കുള്ള ഉപകരണങ്ങളാണ് വാങ്ങിയത് ;

(ഡി) ഇവയുടെ ഗുണനിലവാരം കുറവായതിനാൽ വാങ്ങിയ ഉപകരണങ്ങളിൽ ഭൂരിപക്ഷവും ഉപയോഗയോഗ്യമല്ലാതായിത്തീർന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇവിടെ നടന്ന പ്രവൃത്തിയിൽ കൂലി, ഉപകരണങ്ങൾ വാങ്ങൽ, മറ്റ് ചെലവുകൾ എന്നിവ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ;

(എഫ്) ഇവയിൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ജി) അരുവിക്കരയിലെ മണൽ വാരലുമായി ബന്ധപ്പെട്ട കണക്കുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി കൈക്കൊള്ളുമോ ;

(എച്ച്) ഇവിടെ നിന്നും ശേഖരിച്ച മണലും കളിമണ്ണും വിറ്റതിലൂടെ എന്ത് തുക ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അരുവിക്കര ഡാമിൽ നിന്നും മണൽ വാരുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 720 തൊഴിലാളികൾക്ക് 40 മുതൽ 72 ദിവസം വരെ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കൂലിയിനത്തിൽ 21-7-2010 വരെ 55,48,720 രൂപ ചെലവായിട്ടുണ്ട്.

(സി) തൊഴിലുപകരണങ്ങൾ വാങ്ങിയതിന് 3,02,699 രൂപ ചെലവായിട്ടുണ്ട്. തൊഴിലുപകരണങ്ങൾ വാങ്ങിയ കമ്പനിയുടെയും ഉപകരണങ്ങളുടെയും പേരും വിലയും ചുവടെ ചേർക്കുന്നു.

1. അഗ്രോ ഇൻഡസ്ട്രീസ് - 1,55,910 രൂപ
(മൺവെട്ടി, പിക്കാസ്, മെറ്റൽ ചട്ടി, റബ്ബർ കുട്ട, വീൽ ബാരോ)

LIBRARY ARCHIVES Kerala Legislative Assembly

2. സിഡ്കോ	18,647 രൂപ
3. കെ.ആർ.എസ്. ഇൻഡസ്ട്രീസ് (സ്വീവിംഗ് മെഷിൻ)	18,010 രൂപ
4. ലിംഗം &കമ്പനി, നാഗർകോവിൽ (പമ്പ് സെറ്റ്)	40,712 രൂപ
5. ജനറൽ ഹാർഡ് വോയേഴ്സ്, ചാല. (മൺവെട്ടി, പിക്കാസ്, മെറ്റൽ ചട്ടി, റബ്ബർ കുട്ട)	69,420 രൂപ

(ഡി) ഗുണനിലവാരം കുറവായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കൂലിയിനത്തിൽ 55,48,720 രൂപയും മെറ്റീരിയൽസിൽ 16,25,366 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(എഫ്) തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 71,74,086 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(എച്ച്) മണൽ 'കലവറ' വഴി വിറ്റ വകയിൽ 2.29 ലക്ഷം രൂപയും കളിമണ്ണ് വിറ്റ വകയിൽ 10.00 ലക്ഷം രൂപയും ശേഖരിച്ചിട്ടുണ്ട്.

കുട്ടികളുടെ പാർക്ക് നിർമ്മിക്കാൻ നടപടി

140 (6058) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര മുനിസിപ്പാലിറ്റികളിൽ കുട്ടികളുടെ പാർക്ക് ഉണ്ടെന്ന് അറിയിക്കുമോ ; കുട്ടികളുടെ പാർക്ക് ഇല്ലാത്ത മുനിസിപ്പാലിറ്റികളുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ കുട്ടികളുടെ പാർക്ക് ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) കുട്ടികളുടെ പാർക്ക് ഇല്ലാത്തിടങ്ങളിൽ ഇവ നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly